(സി) ഇവിടെ ഏകദേശം 100 പേർ ഒ.പി.യിൽ ചികിത്സക്കായി വരുന്നുണ്ട്. ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുവാൻ നടപടി എടുത്തിട്ടുണ്ട്. ആവശ്യകത അനുസരിച്ച് മരുന്നുകൾ നൽകുന്നുണ്ട്. ലബോറട്ടറി തുടങ്ങുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

കൊപ്പം പ്രൈമറി ഹെൽത്ത് സെന്ററിലെ ജലക്ഷാമം

168 (3122) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കൊപ്പം പ്രൈമറി ഹെൽത്ത് സെന്ററിൽ ജലക്ഷാമംമൂലം രോഗികളെ ഡിസ്ചാർജ് ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സെന്ററിലെ ജലക്ഷാമം പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

സർക്കാരിന്റെ ഉടമസ്ഥതയിൽ ഹോമിയോ ഔഷധ നിർമ്മാണശാലകൾ

169 (3123) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് എത്ര ഹോമിയോ ഔഷധ നിർമ്മാണശാലകൾ ഉണ്ട് ; അവ എവിടെയൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) ആലപ്പുഴ ഹോമിയോ ഔഷധ നിർമ്മാണശാലയെ കോർപ്പറേഷനാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പ്രസ്തുത കോർപ്പറേഷന്റെ രൂപീകരണം എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്നറിയിക്കാമോ ;

(ഡി) സംസ്ഥാനത്ത് ഹോമിയോപ്പതിയുടെ വികസനം ലക്ഷ്യമാക്കി കൂടുതൽ ഗവേഷണകേന്ദ്രങ്ങളും മരുന്നു നിർമ്മാണശാലകളും വികസിത രാജ്യങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഒരെണ്ണം. പ്രസ്തുത സ്ഥാപനം ആലപ്പുഴയിലാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഉണ്ട്. ആലപ്പുഴയിലുള്ള ഔഷധ നിർമ്മാണശാലയെ കോർപ്പറേഷനാക്കി മാറ്റുന്നതിലേയ്ക്കായി ഇന്ത്യൻ കമ്പനീസ് ആക്ട് അനുസരിച്ച് ഒരു കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ കമ്പനി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കോർപ്പറേഷൻ രൂപീകരണം യാഥാർത്ഥ്യമാകുന്നതാണ്.

(ഡി) ഇക്കാര്യം സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

ഹോമിയോ ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ

170 (3124) ശ്രീമതി ഗിരിജാസുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹോമിയോ ഫാർമസിസ്റ്റുകളുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പെൻഷൻ പറ്റിയ ഫാർമസിസ്റ്റുകളിൽ നിന്ന് ഡെയിലി വേജസ് വഴി നികത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഹോമിയോ ഫാർമസിസ്റ്റായി ട്രെയിനിംഗിന് എന്നാണ് അപേക്ഷ ക്ഷണിച്ചിരുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ട്രെയിനിംഗ് ആരംഭിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) പെൻഷനായവരെ പുനർനിയമനം നടത്തുന്ന രീതി അടിയന്തരമായി നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ട്രെയിനിംഗിന് തെരഞ്ഞെടുത്തിട്ടുള്ള ഹോമിയോ ഫാർമസിസ്റ്റുകൾക്ക് അടിയന്തര ട്രെയിനിംഗ് നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 67 ഒഴിവുകൾ.

(ബി) 17 ഒഴിവുകൾ.

(സി) 26-8-2003-ൽ അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി 20-11-2000 വരെ ദീർഘിപ്പിക്കുകയുണ്ടായി.

(ഡി) കേന്ദ്ര ഹോമിയോപ്പതി കൗൺസിലിന്റെ വ്യവസ്ഥകൾ പ്രകാരം ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ മറ്റ് കോഴ്സുകൾ നടത്തുന്നതിനുപയോഗിക്കുവാൻ പാടില്ല. എൻ.സി.പി. കോഴ്സ് ആരംഭിക്കുന്നതിനായി പ്രത്യേക അടിസ്ഥാന സൗകര്യങ്ങളും സ്വന്തമായ ടീച്ചിംഗ് ഫാക്കൽറ്റിയും സൃഷ്ടിക്കേണ്ടതുണ്ട്. ഇതിന് പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ഈ കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly